## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5056 | 27.06.2019 ൽ മറുപടിക്ക്

### ടെക്നോപാർക്കിലെ വനിതാ ജീവനക്കാർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കഴക്കൂട്ടം ഭാഗത്തും തിരുവനന്തപുരം ടെക്നോപാർക്കിന്റെ സമീപപ്രദേശങ്ങളിലും വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) കഴക്കൂട്ടത്തും, ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിലും വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വത്തിനായി പോലീസ് മൊബൈൽ പട്രോളിംഗും ടൂവീലർ പട്രോളിംഗും 24 മണിക്കൂറും നടത്തി വരുന്നതും ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിൽ കഴക്കൂട്ടം, തുമ്പ, ശ്രീകാര്യം എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തി പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയും വരുന്നു. പ്രസ്തുത സ്ഥലത്തെ ഹോംസ്റ്റേ നടത്തിപ്പുകാരുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് CCTV Camera കൾ സ്ഥാപിക്കുന്നതിനും പരിസരങ്ങളിൽ വെളിച്ചം ലഭിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. |
| (ബി) ടെക്നോപാർക്കിലെ വനിതാ ജീവനക്കാർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച് അവരിൽ നിന്നുതന്നെ പോലീസ് നിർദ്ദേശം സ്വീകരിക്കുന്നുണ്ടോ; | (ബി) ഫലപ്രദമായ നിർദ്ദേശങ്ങൾ പോലീസ് സ്വീകരിക്കാറുണ്ട്. |
| (സി) കൂടുതൽ സ്ഥലങ്ങളിൽ സി.സി.ടി.വി. സൗകര്യം ഒരുക്കിയും രാത്രി കാലങ്ങളിൽ കൂടുതൽ മഫ്ടി പോലീസിന്റെയും പിങ്ക് പോലീസിന്റെയും സേവനം ലഭ്യമാക്കിയും ഈ പ്രദേശത്തെ സാമൂഹ്യവിരുദ്ധ ശല്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിൽ സി.സി.ടി.വി സൗകര്യം ഒരുക്കിയും, രാത്രികാലങ്ങളിൽ കൂടുതൽ മഫ്ടി പോലീസിന്റെയും പിങ്ക് പോലീസിന്റെയും സേവനം ലഭ്യമാക്കിയും പ്രദേശത്തെ സാമൂഹ്യവിരുദ്ധ ശല്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ